**വലതുവശം ചേർന്ന് നടക്കുക എന്ന സിവിക്കിൻെറ കവിതാസമാഹാരത്തിൻെറ ശീർഷകം തന്നെയും കേരളീയ പശ്ചാത്തലത്തിൽ ഒരു സവിശേഷ സൗന്ദര്യ പ്രയോഗമാണ്. അതോടൊപ്പമത് രാഷ്ട്രീയ പ്രകോപനം സൃഷ്ടിക്കുംവിധം നാടകീയവുമാണ്**

ഇടപെടൽ



കെ.ഇ.എൻ

# അബൂബക്കറിൻെറ ഉമ്മയും റിപ്പബ്ലിക്കും

നിങ്ങൾക്ക് ദൈവത്തിൻെറ മുന്നിലെങ്കിലും മുട്ടുകുത്തിനിന്ന് അകംപൊള്ളി ഒന്ന് പൊട്ടിക്കരയാനാവുമോയെന്ന പുലിക്കോടന് സമർപ്പിച്ച ആ കവിതയിലെ ചോദ്യം, മർദകാധികാരത്തിൻെറ മർമം തകർക്കുംവിധം വിധ്വംസകമാണ്. അലറിയും അടിച്ചൊതുക്കിയുംമാത്രം നിലനിൽക്കുന്ന മർദകാധികാരങ്ങളോട് നിർദയമായ ആത്മവിചാരണകളിലൂടെ കടന്നുപോവാനാവശ്യപ്പെടുന്ന പുലിക്കോടന് എന്ന സിവിക്കിൻെറ കവിതയല്ലാത്ത കവിത പരുക്കൻ സത്യങ്ങൾക്ക് ചിലപ്പോഴെങ്കിലും മിനുസപ്പെട്ട ഭാവനയേക്കാൾ കലാത്മകാവിഷ്കാരങ്ങളിൽ മഹത്തമാർജിക്കാൻ കഴിയുമെന്ന സാംസ്കാരിക സത്യമാണ് സാക്ഷ്യപ്പെടുത്തുന്നത്. അധികാരകേന്ദ്രങ്ങൾക്കൊപ്പം കാവ്യാത്മകതയെക്കുറിച്ചുള്ള കാൽപനിക മിത്തുകളുടെ കോട്ടകളും ആക്രമിക്കപ്പെടുകയാണ്. സൂക്ഷ്മാർഥത്തിൽ ഇത്രതന്നെയോ ഇതിലുമേറെയോ സ്ഫോടനാത്മകമായ പ്രത്യക്ഷ രാഷ്ട്രീയമാണ് റിപ്പബ്ലിക് എന്ന കവിത പകുത്തുനൽകുന്നത്. ഒരുകാലത്ത് കേരളത്തിൻെറ പൊതുവേദികളിൽ നിരന്തരം അവതരിപ്പിക്കപ്പെട്ട ഒരുപക്ഷേ, അതിനേക്കാളേറെ ഇന്ന് അവതരണം അനിവാര്യമാകുന്ന ഒരു കവിതയെന്ന നിലയിൽ റിപ്പബ്ലിക് ഇപ്പോൾ മുമ്പില്ലാത്തവിധം കലാത്മകവും കാലികവുമായ പ്രസക്തി കൈവരിച്ചിരിക്കുന്നു. ബഹുസ്വരനിഷേധിയായ ഏകശാസനകളുടെയും വ്യാജ വൈകാരികതകളുടെ പേരിൽ പ്രിയപ്പെട്ട ജീവിതം വെട്ടിപ്പിളർക്കുന്ന വിചാരശൂന്യതയുടെയും നമ്മളൊന്നെന്ന് ആവർത്തിച്ചുറപ്പിക്കുന്നതിനു പകരം നിങ്ങളൊക്കെയും അന്യരെന്ന് അലറിപ്പറയുകയും വാവാ എന്ന ആശ്ലേഷത്തിനു പകരം, പോടാ എന്ന് ആക്രോശിക്കുകയും ചെയ്യുന്ന നവ ഫാഷിസ്റ്റ് കാലത്തോട് നിവർന്നുനിന്ന് ഇതല്ല, ഇതല്ല ഞങ്ങളുടെ സ്വപ്ന റിപ്പബ്ലിക് എന്ന് തീർത്തു ചൊല്ലുകയാണ് സിവിക്കിൻെറ റിപ്പബ്ലിക്. അല്ലല്ല തോഴരേ, ഇതു നമ്മുടെ റിപ്പബ്ലിക്കല്ല/ അല്ലേയല്ല ഇതു നമ്മുടെ റിപ്പബ്ലിക്കല്ല എന്ന് ആവർത്തിച്ചുകൊണ്ട് എന്താണ് യഥാർഥ റിപ്പബ്ലിക് എന്ന് അനുഭൂതിസാന്ദ്രമാവുകയാണ് റിപ്പബ്ലിക് കവിത. മൂന്നല്ല, 300 നിറങ്ങളിൽ നാം നമ്മുടെ/പുതിയ ദേശീയപതാക തുന്നും/ഏഴല്ല, 700 സ്വരങ്ങളിൽ നാം നമ്മുടെ പുതിയ ജനഗണമന രചിക്കും/ അന്നു നാമൊന്നിച്ചേറ്റുപാടും/നമ്മുടെ റിപ്പബ്ലിക് നമ്മുടെ സ്വന്തം റിപ്പബ്ലിക്/ റിപ്പബ്ലിക് ഹിപ്പ് ഹുറേയ്.

വലതുവശം ചേർന്ന് നടക്കുക എന്ന സിവിക്കിൻെറ കവിതാസമാഹാരത്തിൻെറ ശീർഷകം തന്നെയും കേരളീയ പശ്ചാത്തലത്തിൽ ഒരു സവിശേഷസൗന്ദര്യ പ്രയോഗമാണ്. അതോടൊപ്പമത് രാഷ്ട്രീയ പ്രകോപനം സൃഷ്ടിക്കുംവിധം നാടകീയവുമാണ്. വലതുപക്ഷംപോലും ഇടതുപക്ഷമായി അഭിനയിക്കുകയും ചിലപ്പോഴെങ്കിലും ഇടതുപക്ഷവും വലത്തോട്ട് വഴുക്കുന്നുണ്ടോയെന്ന ആശങ്ക നിലനിൽക്കുകയും അല്ലെങ്കിൽ നിർമിക്കപ്പെടുകയും ചെയ്യുന്ന സമകാലിക സന്ദർഭത്തെയാണ് ആ കാവ്യശീർഷകം ഒരു സിവിക്കിയൻ ശൈലിയിൽ പ്രശ്നവത്കരിക്കുന്നത്. സ്വന്തം രാഷ്ട്രീയവും സാംസ്കാരികവുമായ ജീവിതത്തെക്കുറിക്കുന്ന ഒരു ആക്ഷേപഹാസ്യധ്വനികൂടി ആ പ്രയോഗത്തിലുണ്ടാവണം. കണ്ണീരുപ്പുപുരണ്ട ചിരിയുടെ ഒരിരുട്ടാണതിൽ കുതറുന്നത്. ഒരെതിരൻെറ തെറ്റിയെഴുത്തിൻെറ തീവ്രതയാണതിൽ തെളിയുന്നത്. ഒരുപക്ഷേ, സർവ തീവ്രവാദങ്ങളെയും കാത്തിരിക്കുന്ന, ഒരു വലതുപക്ഷ സ്ഫോടനത്തിൻെറ ഒരു ശരിയെഴുത്തുമാവാമത്. കീഴ്മേൽ മറിയുകയും കീഴ്മേൽ മറിക്കാൻ പിടയുകയും ചെയ്യുന്ന ഒരു കാവ്യപ്രതിഭയെ നിരന്തരം അസ്വസ്ഥപ്പെടുത്തിയ അവസ്ഥകളുടെ ഒരു പൊട്ടിയ അടയാളവാക്യമായി ആ തലവാക്യമൊന്ന് ഒതുങ്ങിയതുമാവാം.

ഒരു കാവ്യസമാഹാരത്തിൻെറ പേര് ഭിന്ന സംഘർഷങ്ങളുടെ സമരസംഗ്രഹമായി മാറുന്നത്, അത്രമേൽ വ്യത്യസ്തമായ അനുഭവലോകങ്ങളെ അത് അഭിസംബോധന ചെയ്യുമ്പോഴാണ്. പൊട്ടിത്തെറി പിറുപിറുക്കലുകളും അന്വേഷണങ്ങൾ വെറും ആത്മഗതങ്ങളുമാവുന്ന ഒരു കാലത്തിൻെറ പതനശബ്ദം ആ കാവ്യശീർഷകത്തിൽനിന്നും കാതോർക്കുന്നവർക്ക് കേൾക്കാൻ കഴിയും. അധികാരത്തിന് അതിനെത്തന്നെ അമ്പരപ്പിക്കുന്ന അനുസരണയോടെ വിധേയപ്പെടുന്ന തൊമ്മിത്തരത്തിൻെറ തത്ത്വചിന്തയുടെ അപനിർമിതിക്കുള്ള അഭിലാഷവും ഈയൊരു തലവാക്യത്തിലുണ്ട്. എന്നാലിനി വലതുവശത്തൊന്നു/വലവീശിനോക്ക് കടപ്പുറത്ത് തീകൂട്ടി/ഉയിർപ്പിനുശേഷമുള്ള ആദ്യ പ്രാതലിനായി/ യേശു കാത്തിരുന്നു. ആമേൻ! ഇടതുവശത്ത് വലവീശിയിട്ട് ഒന്നുംകിട്ടാത്ത പശ്ചാത്തലത്തിൽ യേശുദേവൻ വലതുവശത്ത് വലവീശാൻ ശിഷ്യരോട് പറയുന്ന സന്ദർഭമാണ് വലതുവശം ചേർന്നു നടക്കുക എന്ന കവിതയുടെ പ്രത്യക്ഷ പ്രചോദന സ്രോതസ്സ്.



സിവിക് ചന്ദ്രൻ

സിവിക്കിനെ ഞാനാദ്യമായി കേൾക്കുന്നത് കോഴിക്കോട് സർവകലാശാലയിൽ എം.എ ഒന്നാംവർഷ വിദ്യാർഥിയായിരിക്കുമ്പോഴാണ്. വയനാട്ടിൽനിന്നുള്ള ഒരു സുഹൃത്താണ് സിവിക്കിൻെറ വീരഗാഥകൾ ആദ്യമായി പങ്കുവെച്ചത്. കാതുകൂർപ്പിച്ചു എന്നതിനേക്കാൾ കണ്ണ് തുറിച്ചാണ് ഞാനതൊക്കെയും കേട്ടത്. അതിലൊന്ന് ഇങ്ങനെ: വയനാട്ടിലെവിടെയോ സിവിക്കിൻെറ നേതൃത്വത്തിൽ ഒരു നാടകം നടക്കുന്നു. സ്ഥലത്തെ ആജാനുബാഹുവായ ഒരു പോക്കിരി ബഹളംവെക്കുന്നു. നാടകം കലക്കാനുള്ള ഒരുക്കമാണെന്ന് തിരിച്ചറിഞ്ഞ സിവിക് വേദിയിൽനിന്ന് താഴെയിറങ്ങുന്നു. വളരെ പതുക്കെ സ്നേഹത്തിൽ അയാളെ അനുനയിപ്പിച്ച് സ്റ്റേജിൻെറ പിറകിലേക്ക് കൊണ്ടുപോവുന്നു. പിന്നീട് കേട്ടത് അടിയുടെ ഒച്ചയാണ്. നാടകം നന്നായി നടന്നു. ഒരു വലിയ പോക്കിരിയെ ഒരു പാവം മനുഷ്യൻ അടിച്ചുവീഴ്ത്തിയത് എനിക്കിഷ്ടമായെങ്കിലും അടിക്കാരനായ സിവിക്കിനോട് എനിക്കത്ര അടുപ്പം തോന്നിയില്ല. അങ്ങനെയിരിക്കെയാണ് സിവിക് ഏതോ സാംസ്കാരിക പരിപാടിയിൽ പങ്കെടുക്കാൻ കോഴിക്കോട് സർവകലാശാലയിൽ വരുന്നത്. ഞാനന്ന് സർവകലാശാല ഹോസ്റ്റലിലാണ് താമസിക്കുന്നത്. രാത്രി ചായകുടിക്കാൻ പോകുന്ന വഴിക്കുവെച്ച് എൻെറ ചുമലിൽ തട്ടി കൂടെയുണ്ടായിരുന്ന എൻെറ സഹപാഠിയും സുഹൃത്തും കവിയുമായ വയനാട്ടുകാരൻ റെജിയെ ചൂണ്ടി നിങ്ങൾക്ക് രണ്ടുപേർക്കുംകൂടി ക്രിസ്റ്റഫർ കോഡ്വെല്ലിൻെറ ഇല്യൂഷൻ ആൻഡ് റിയാലിറ്റി വിവർത്തനം ചെയ്തുകൂടേയെന്ന് സിവിക് ചോദിച്ചു. എനിക്കന്ന് കോഡ്വെല്ലിനെക്കുറിച്ച് കാര്യമായൊന്നും അറിയുമായിരുന്നില്ല. വിവർത്തനമൊന്നും നടക്കാൻ പോവുന്ന കാര്യമല്ലെന്നും അന്നേ എനിക്കറിയാമായിരുന്നു. പക്ഷേ, പറഞ്ഞുകേട്ട അടിക്കാരനായ സിവിക്കിനേക്കാൾ അന്ന് നേരിൽ കണ്ട സാംസ്കാരിക സൂക്ഷ്മതയുടെ സൗഹൃദം നൽകിയ സിവിക്കാണ് എനിക്കേറെ പഥ്യമായി തീർന്നത്. അന്ന് മുതലാണ് നാടകകൃത്തും കവിയും പ്രഭാഷകനും പ്രക്ഷോഭകാരിയുമായ സിവിക്കിനെ ശ്രദ്ധിക്കാൻ തുടങ്ങുന്നത്. വിയോജിച്ചും വിസ്മയപ്പെട്ടും ഊർജപ്പെട്ടും ഇടഞ്ഞുമുള്ള സ്മരണകൾക്കിടയിൽ ആ പരിചയം സൗഹൃദമായി തീരുകയായിരുന്നു. നിരന്തര ബന്ധങ്ങളില്ലാത്ത എന്നാൽ, പരസ്പരമുള്ള കാഴ്ചകൾക്കും കേൾവിക്കുമപ്പുറത്ത് കേട്ടും കണ്ടുമുള്ള ഒരു സംവാദബന്ധത്തിൽ വേരാഴ്ത്തിയാണത് പിന്നെ വികസിച്ചത്. നിരവധി വേദികളിൽ ഒന്നിച്ചുള്ള പ്രഭാഷണങ്ങൾക്കും സാംസ്കാരിക സദസ്സുകളിൽ വെച്ചുള്ള ഒത്തുചേരലുകൾക്കുമിടയിൽവെച്ച് അതെന്നും നവീകരിക്കപ്പെട്ടുകൊണ്ടിരുന്നു. പക്ഷേ, അതിനിടയിലും സിവിക് പതിവുപോലെ പെട്ടിത്തെറിക്കുന്നുണ്ടായിരുന്നു.

അസ്തിത്വവാദവും അരാജകവാദവും മാർക്സിസവും കാൽപനികതയും എതിരൻ മനോഭാവവും കൂടിക്കുഴഞ്ഞ ഒരു വ്യക്തിയെന്ന് സിവിക്കിനെ വിളിക്കാമെന്ന് തോന്നുന്നു. മാർക്സിസത്തിൽനിന്നും തീവ്ര മാർക്സിസ്റ്റാവുകയല്ല, അസ്തിത്വവാദത്തിൽനിന്ന് നക്സലിസത്തിലേക്ക് വളരുകയാണ് താനെന്ന് സിവിക്കും സാക്ഷ്യപ്പെടുത്തുന്നുണ്ട്. പലവിധ ആശയങ്ങൾ പലകാലത്ത് സ്വന്തം രാഷ്ട്രീയ കാര്യ പരിപാടിക്കനുസൃതമായി സിവിക് അവതരിപ്പിക്കുമ്പോഴും അദ്ദേഹത്തിൻെറ സർഗാത്മക സാഹിത്യസൃഷ്ടികൾ അകം പൊള്ളിയവൻെറ പരമാർഥങ്ങളായി പ്രത്യേക അജണ്ടകളൊന്നുമില്ലാതെ പുറത്തുവന്നുകൊണ്ടിരുന്നു. പണ്ഡിതസുഹൃത്തുക്കളിൽനിന്ന് സിവിക്കിനെ വ്യത്യസ്തമാക്കിയ സർഗാത്മകതയുടെ വീര്യമാണ് എന്നെ ഏറെ ത്രസിപ്പിച്ചത്. ഒരർഥത്തിൽ സിവിക്കിൻെറ ഓരോ കവിതയും ഓരോരോ അവസ്ഥയുടെ ആവിഷ്കാരമായിരിക്കുമ്പോഴും മറ്റേതോ അപ്പുറം തേടൽ കൂടിയാണ്. ഇപ്പുറം ആവുമ്പോഴും ഏതോ അപ്പുറം എത്താനുള്ള തുഴച്ചിലാണ് സിവിക്കിന് കവിത. തൻേറതന്നെ രാഷ്ട്രീയത്തെ സിവിക് പൂരിപ്പിച്ചത് സ്വന്തം ഹൃദയസത്യത്തിൻെറ സാക്ഷ്യമായ കവിതകൊണ്ടാണ്. മയിൽപ്പീലി, ഹരിതം, കണ്ണുകളിലുമ്മ വെയ്ക്കരുത്, കുഞ്ഞാവ തുടങ്ങിയ പ്രണയകവിതകളും റിപ്പബ്ലിക്, ഗൃഹപ്രവേശം, പേരക്കുട്ടികൾ ചോദിക്കുന്നു, വെളിച്ചത്തെക്കുറിച്ചൊരു ഗീതം തുടങ്ങിയ രാഷ്ട്രീയ കവിതകളും പരസ്പരം വ്യത്യസ്തമായിരിക്കുമ്പോഴും വ്യവസ്ഥാവിരുദ്ധതയുടെ ഒരു വ്യാകരണം അവയെ ഐക്യപ്പെടുത്തുന്നു. പ്രതിസന്ധികൾക്കുമുന്നിൽ പകക്കുമ്പോഴും പകച്ചുപോവാത്തവരുടെ ജീവിതമാണ് സിവിക്കിൻെറ കവിതയിൽ ജ്വലിക്കുന്നത്. അതിജീവനത്തിനും ആവിഷ്കാരത്തിനുമിടയിൽനിന്ന് സാരമില്ലെടോ ഇതു ജീവിതം എന്ന സാന്ത്വന-സമര-ഉൾവരിയാണെന്നെ ഉന്മത്തനാക്കുന്നത്. സിവിക്കിൻെറ അലക്കുയന്ത്രം മലയാളകവിതയിലെ സംഭ്രാന്തമായ ഒരു രൂപകമാണ്. ചേർന്നുനിൽക്കുന്നതിനിടയിൽ ചോർന്നുപോവുന്നതിലേക്കാണത് വളരുന്നത്. എത്ര വീഴുമ്പോഴും ഉയിർത്തെഴുന്നേൽക്കുന്നൊരു ഊർജമാണത് ഉൽപാദിപ്പിക്കുന്നത്. വ്യാജ ദേശീയതയെ അപനിർമിക്കുന്ന റിപ്പബ്ലിക്കും അബൂബക്കറിൻെറ ഉമ്മയും രാഷ്ട്രീയ സൂക്ഷ്മതയുടെ സൗന്ദര്യാനുഭവമാണ് പകരുന്നത്. സിവിക്കിൻെറ കവിത കണ്ടെത്തലുകളുടെ കരുത്താണ്. പുലിക്കോടന് എന്ന കവിത കവിതയേയല്ലെന്ന് തോന്നാവുന്ന അമർഷത്തിൻെറ മികച്ച കവിതയാവുന്നത് അതുകൊണ്ടാണ്. നായിൻെറ മോനേ എന്ന ആ കവിതയുടെ ആരംഭം സമാനതകളില്ലാത്തതാണ്. ആരെങ്കിലുമൊന്ന് എന്നെങ്കിലുമൊരിക്കൽ മർദകഭീകരരെ അങ്ങനെയൊന്ന് വിളിക്കുകകൂടി ചെയ്തില്ലായിരുന്നെങ്കിൽ അനാഥമായിപ്പോവുമായിരുന്ന മലയാളിയുടെ ആത്മാഭിമാനമാണ് സിവിക് ആ ഒരൊറ്റ പ്രയോഗംവഴി സംരക്ഷിച്ചിരിക്കുന്നത്. നായിൻെറ മോനേ/ എന്നൊരു കവിത/ ആരംഭിക്കരുതെന്നറിയാം സാർ/ നാരായണ നാരായണ എന്നുതന്നെയാണ്/ കവിത തുടങ്ങേണ്ടത് എന്ന പുലിക്കോടന് എന്ന ആ കവിതയുടെ തുടക്കം, സർവ ഔപചാരിക അനുസ്മരണങ്ങളുടെയും മൃതദേഹത്തിൽ സമർപ്പിച്ച രോഷത്തിൻെറ റീത്താണ്. ഇത് കവിതയാവുമോ എന്ന് ചോദിക്കുന്നവരോട് വീണവരെ ചവിട്ടിയ മർദകർക്ക് ഇതിലേറെ അർഹമായ ഒരു സ്മാരകം വേറെയേതുണ്ടെന്ന് ചോദിക്കാതിരിക്കാൻ കഴിയുന്നില്ല. വലുതാര്, മകനോ/ രാജ്യമോ എന്ന് പരീക്ഷിക്കല്ലേ/ പടച്ച തമ്പുരാനേ... എന്ന അബൂബക്കറിൻെറ ഉമ്മ എന്ന കവിത അനുഭവിപ്പിക്കുന്ന വിങ്ങിപ്പൊട്ടലിനുമുന്നിൽ ഏത് വ്യാജദേശീയതക്ക് നിവർന്നു നിൽക്കാനാവും?

●

കഥ

# തിരിച്ചുവരവ്

സുരേഷ് വാസുദേവ്

കൈയിലൊരു മുഷിഞ്ഞ കവറുമായി വിജനമായ ആ കവലയിൽ അയാൾ ബസിറങ്ങി ... മങ്ങിയ അന്തിവെയിൽച്ചീളുകൾ അങ്ങിങ്ങ് ചിതറിക്കിടക്കുന്നു. ഒരു ചെറിയ കാപ്പിക്കടയും ഒന്നു രണ്ട് പലചരക്ക് കടയും ഒരു ബേക്കറിയും അല്ലാതെ അവിടെയൊന്നുമില്ല... പലചരക്കുകടയുടെ വരാന്തയിലെ ഒരു ബെഞ്ചിൽ രണ്ടുമൂന്ന് പേർ ഇരിക്കുന്നുണ്ട്. കക്ഷത്തിലടക്കിപ്പിടിച്ച പൊതിയോടെ കറുത്ത് മെല്ലിച്ച് നടുവളഞ്ഞ അയാൾ ഒരു നാരങ്ങാവെള്ളത്തിനായി കാത്തുനിന്നു. ബെഞ്ചിൽ ചടഞ്ഞിരുന്നവർ അയാളെ ജിജ്ഞാസയോടെ നോക്കിക്കൊണ്ടിരുന്നു. പകുതിയിലധികം നരച്ച മീശരോമങ്ങൾ മേൽച്ചുണ്ടിൽനിന്നൂർന്ന് കടവായിൽ ഒളിച്ചിരിക്കുന്നു. തുറന്നുകിടന്ന ഷർട്ടിനിടയിൽ കൂടി കുഴിഞ്ഞ നെഞ്ചിൽനിന്ന് കറുത്ത ചരടിൽ കോർത്തൊരു ചെമ്പുനാണയം പുറത്തേക്ക് തലനീട്ടി കിടക്കുന്നു. കറുത്ത് കരുവാളിച്ച കവിളിൽ നിറയെ കുറ്റി രോമങ്ങൾ...അയഞ്ഞുവീണ ഷർട്ടിൻകൈ മുകളിലേക്ക് തെരുത്തു കയറ്റി അയാൾ നെഞ്ചൂതി നെടുവീർപ്പുതിർത്തു...

എവിടുന്നാ...

ഐസിട്ട് പതപ്പിച്ച ഗ്ലാസ് കൈയിൽ കൊടുക്കും നേരം കടക്കാരൻ ചെറുചിരിയോടെ. കേൾക്കാത്ത ഭാവത്തിൽ ഊർന്നുപോയ ഉടുമുണ്ട് മടക്കിക്കുത്തി അയാൾ ടാറിട്ട ഇടവഴിയിലേക്കിറങ്ങി. കരിങ്കൽച്ചീളുകളടർന്ന് കുണ്ടും കുഴിയുമായ ഇടവഴിയിൽനിന്ന് പകൽവെളിച്ചം തിരിച്ചുപോയിരിക്കുന്നു. എതിരെ വരുന്നവർ അയാളെ സൂക്ഷിച്ചുനോക്കുന്നുണ്ട്. അയാൾ കാലുകൾ നീട്ടിവലിച്ച് നടന്നു. ചുണ്ടിലെരിയുന്ന കനലിൽനിന്ന് നരച്ച പുക ഒപ്പം കൂട്ടം തെറ്റാതെ നടന്നു.

ടാറിട്ട വഴി അവസാനിക്കുന്നിടത്ത് തരിശായ പാടം തുടങ്ങുന്നു. അങ്ങിങ്ങ് പുല്ല് കരിഞ്ഞ മൺകൂനകൾക്കിടയിൽ ഓല കരിഞ്ഞ തെങ്ങിൻതൈകൾ. ഈ വരണ്ട പാടം കടന്നുവേണം ഇനി അക്കരെയെത്താൻ... അക്കരെ തലയുയർത്തി നിൽക്കുന്ന തെങ്ങിൻകൂട്ടങ്ങൾ. തെങ്ങിൻ തലപ്പുകൾക്ക് താഴെ മരങ്ങളും വീടുകളും തിരിച്ചറിയാതെ കട്ടപിടിച്ച് കിടക്കുന്നു.

സന്ധ്യ തൂവിയ മങ്ങിയ ഇരുട്ടിൽ കണ്ണുകൾ മിന്നിത്തിളങ്ങി. നടത്തം ചെന്നവസാനിച്ചത് ഇരുട്ടിൽ മുങ്ങിനിൽക്കുന്ന ഒരു പഴയ ടെറസ് വീടിൻെറ മുന്നിൽ. പട്ടികകൾ ചേർത്തുണ്ടാക്കിയ ഗേറ്റ് മുറ്റത്തേക്ക് വീണ് കിടക്കുന്നു. അയാൾ തീപ്പെട്ടിയുരച്ച് ഒരു സിഗരറ്റിന് കൂടി തീ കൊളുത്തി മുറ്റത്തേക്ക് കടക്കാൻ ശ്രമിച്ചു...

ആരാത്...? എന്താ ഈ അന്തീല്...?



ചിത്രീകരണം: അമീർ ഫൈസർ

പൊളിഞ്ഞ വേലിക്കഴയിൽനിന്ന് ഒട്ടിയ വയറും കൂനുമായി ഒരു വൃദ്ധ നെറ്റിയിൽ കൈ മറച്ച് വേച്ചുവേച്ച് ഇരുട്ടിൻെറ മറപറ്റി നിന്നു...

ആബിദ ഇവിടില്ല്യ...?

കുറെ നാളായി അവളും മക്കളും ഇബടന്ന് പോയിട്ട്...

എവിടേക്ക്...?

അയാളിൽനിന്ന് പുകനിറഞ്ഞ ഒരു കനത്ത ശബ്ദം പുറത്തുചാടി.. നെഞ്ചിലൊരു നിലവിളി അമർന്ന് ഞെരുങ്ങി...

നിങ്ങളെവിട്ന്നാ...? വൃദ്ധയുടെ കണ്ണുകൾ ഇരുട്ടിലൂടെ ഊളിയിട്ടു.

ഇവിടുള്ള ആളല്ലേ... അവൾടെ കെട്ടിയോൻ കുത്തും കൊലയുമൊക്കെയായി ജയിലിലായിട്ട് കൊല്ലം കൊറെയായില്ലേ...

വീടും വീട്ടാരെയും കളഞ്ഞ് പോന്നോളല്ലേ അവള്... ഇപ്പം കെട്ടിയോനുംല്യാ വീട്ടാരുംല്യാ... വാടക കൊടുക്കാണ്ടായാൽ ചാക്കാപ്ല സമ്മതിക്ക്യോ...

ഒരീസം നോക്കിയപ്പം വീട് പൂട്ടിരിക്കണ്...

അവളെം പിള്ളേരെം കാണാല്ല്യ.. ഇപ്പം എവിടാന്നാർക്കും ഒരു നിശ്ചയില്ല്യ...

ഇങ്ങളാരാ... ? ജയിലേള്ള ദിവാരൻെറ കൂട്ടാരനാ...? ചിലര് ആള് മരിച്ചൂന്നും പറയുണ്ട്... കണ്ണ് തീരെ പിടിക്കണില്ല്യ .. ഇരുട്ടില് ആളെ അങ്ങട് തിരിയണില്ല...

അതിരിട്ട പാഴ്ച്ചെടികൾക്കപ്പുറത്തുനിന്ന് വൃദ്ധയുടെ വിറച്ച ശബ്ദം ചെറുനിലാവിൽ അനക്കമറ്റ് നിൽക്കുന്ന അയാളിലേക്ക് ഇടിച്ചുകയറി.

കുറെ നാള് അവൻെറ പാർട്ടിക്കാർടെയും അവൾടെ പള്ളിക്കാർടേയും പിന്നാലെ നടന്നിരുന്നു...പിന്നെ... പിന്നെ...അതും നിർത്തി... അന്നംപോലും കഴിക്കാനില്ലാത്തോടത്ത് എന്ത് കേസ്?

ചുമച്ചും കിതച്ചും മൂക്കുപിഴിഞ്ഞും പിറുപിറുത്തുകൊണ്ട് വൃദ്ധ മുറ്റത്ത് കിടന്നിരുന്ന വിറകുകൾ വാരിക്കൂട്ടാൻ തുടങ്ങി.

കേൾക്കാൻ കാത്തുനിൽക്കാതെ ഇരുട്ടിൽ തെളിഞ്ഞ വഴിയിലൂടെ ആയാൾ ധിറുതിപ്പെട്ട് തിരിച്ചുനടന്നു. നിലാവ് നനച്ചിട്ട പാടവരമ്പിൽ കൂടി കറുത്ത നിഴലുകൾ നടന്നടുക്കുന്നത് കണ്ടപ്പോൾ അയാൾ വിറക്കുന്ന കൈകളോടെ കവറിനടിയിൽ പൂഴ്ത്തിവെച്ചിരുന്ന ആ ലോഹം പുറത്തെടുത്തു. മങ്ങിയ നിലാവിൽ അതിൻെറ കൂർത്ത വായ്ത്തലപ്പിൽ ഒരു നക്ഷത്രം മിന്നിത്തിളങ്ങിക്കൊണ്ടിരുന്നു...

●


കവിത

# പരിസ്ഥിതി ദിനത്തിൽ

കെ.എം. റഷീദ്

ആരാണ് നിലവിളിക്കുന്നത്?
ആരാണ് കയർക്കുന്നത്?
ആരാണ് ഉള്ളംപിടഞ്ഞ്
പ്രതിഷേധിക്കുന്നത്?
ആരാണ് ചോരയിൽ
കുതിരുന്നത്?
ആരുമാകാം
ഞാനല്ല.
ഞാൻ വെൺമെത്ത
വിട്ടെണീക്കില്ല
ഓഫിസ് വിട്ടു പോകില്ല
ഉടുപ്പുലക്കില്ല
കരയില്ല
വിയർക്കില്ല
എങ്കിലും,
കാതങ്ങൾ കടന്നുവരുന്ന
ഈ ഇളംകാറ്റെനിക്ക്
വേണം.
ഭക്ഷിക്കാൻ വിഷമില്ലാത്ത
അരിയും
കുടിക്കാൻ മാധുര്യമൂറും
ജലവും
രോഗത്തിന് മരുന്നും
വിശപ്പിന് കായ്കനികളും
ഒന്നും ഞാൻ ഉണ്ടാക്കിയതല്ലല്ലോ
സുഖം പകരും ഉടയാടയും
കാണാൻ നല്ല പുഴയും
പോകാൻ സുന്ദരദേശങ്ങളും
മഞ്ഞും ചെറുമഴയും
അലോസരമില്ലാത്ത
വഴികളും
വേണം.
എന്നിട്ടും നിങ്ങളെന്നെ
മനുഷ്യനെന്നല്ലേ വിളിക്കുന്നത്?

പുസ്തകം




**പുനത്തിലിൻെറ സമ്പൂർണ കഥകൾ**
**പുനത്തിൽ കുഞ്ഞബ്ദുള്ള**
**പേജ്: 1112, വില: 900.00**
**മാതൃഭൂമി ബുക്സ്**

ബാലപംക്തിയിൽ എഴുതിയ ആദ്യ കഥ മുതൽ ആറ് പതിറ്റാണ്ടായി പുനത്തിൽ എഴുതിയ മുഴുവൻ കഥകളും. മലയാള ചെറുകഥയിൽ സുവർണ കാലം സൃഷ്ടിച്ച എഴുത്തുകാരൻെറ കഥകളുടെ സമ്പൂർണ സമാഹാരം.



**നിർഭയം (ആത്മകഥ)**
**ഡോ. സിബി മാത്യൂസ്**
**പേജ്: 328, വില: 310.00**
**ഗ്രീൻ ബുക്സ്, തൃശൂർ**

മുൻ ഡി.ജി.പി സിബി മാത്യൂസിൻെറ അനുഭവക്കുറിപ്പുകൾ. കേരള ജീവിതത്തെ ഇളക്കിമറിച്ച പ്രമാദമായ കേസുകൾ കൈകാര്യംചെയ്ത ഉദ്യോഗസ്ഥൻെറ തുറന്നെഴുത്തുകൾ. ചുരുങ്ങിയ ദിനങ്ങൾകൊണ്ട് മൂന്നാം പതിപ്പ് ഇറങ്ങിയ പുസ്തകം.




**മദ്യവും മനുഷ്യ സംസ്കാരവും (പഠനം)**
**കെ.സി. വർഗീസ്**
**പേജ്: 184, വില: 180.00**
**ഡി.സി ബുക്സ്**

മദ്യ ഉപഭോഗത്തിൻെറ പരിണതികൾ സൂക്ഷ്മമായി അന്വേഷിക്കുകയാണ് ഈ പുസ്തകം. കുടിയെക്കുറിച്ച ചരിത്രാന്വേഷണം എന്ന നിലക്ക് പരിഗണിക്കാവുന്ന പഠനം കൂടിയാണിത്.




**ജി.എൽ.പി ഉസ്കൂൾ കീക്കാംങ്കോട്ട് (കഥകൾ)**
**പി.വി. ഷാജികുമാർ**
**പേജ്: 80, വില: 75.00**
**ചിന്ത പബ്ലിക്കേഷൻസ്**

ജീവിതത്തിൽനിന്ന് പുറന്തള്ളപ്പെട്ടുപോയ കുട്ടികളും മുതിർന്നവരുമാണ് ഷാജികുമാറിൻെറ ഏറ്റവും പുതിയ ഈ കഥാസമാഹാരത്തിൽ ജീവിക്കുന്നത്. സ്കൂൾ അനുഭവത്തിൻെറ വേദനയും കണ്ണീരും നിറഞ്ഞ ഓർമകൾ കൂടിയാണിത്.




**മെട്രോമാൻ, ഇ. ശ്രീധരൻെറ ജീവിതകഥ**
**ബാബു വർഗീസ്**
**പേജ്: 144, വില: 80.00**
**റെഡ് റോസ് പബ്ലിഷിങ് ഹൗസ്**

മെട്രോ ട്രെയിൻ സർവിസ് കേരളത്തിലും യാഥാർഥ്യമാക്കിയ ഡോ. ഇ. ശ്രീധരൻെറ സംഭവ ബഹുലമായ ജീവിതകഥ. അദ്ദേഹത്തിൻെറ കർമജീവിതത്തിൻെറ സത്യസന്ധമായ ആലേഖനം.



**പ്രസംഗവും ഉപന്യാസവും**
**ഡോ. അജിതൻ മേനോത്ത്**
**പേജ്: 48, വില: 40.00**
**ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്**

പ്രസംഗ, ഉപന്യാസ മത്സരങ്ങൾക്കും മറ്റും വിദ്യാർഥികളെ ഒരുക്കുന്ന പുസ്തകം. പ്രസംഗങ്ങൾക്കും ഉപന്യാസങ്ങൾക്കും ആവശ്യമായ വിവരവും മാതൃകയും രൂപരേഖയും നൽകാനുള്ള ശ്രമം.



**കേരളത്തിലെ ചെറുജീവികൾ**
**ഡോ. ടി.ആർ. ജയകുമാരി**
**ആർ. വിനോദ്കുമാർ**
**പേജ്: 192, വില: 180.00**
**ഡി.സി റഫറൻസ്**



ജൈവവൈവിധ്യത്തിന് പേരുകേട്ട കേരളത്തിലെ ചെറുജീവികളെക്കുറിച്ച പഠനം. ശാസ്ത്ര സ്നേഹികൾക്കും വിദ്യാർഥികൾക്കും ഒരുപോലെ പ്രയോജനപ്പെടുന്ന റഫറൻസ്.



**ജീവിതം സാക്ഷി**
**ടി.കെ. ഗംഗാധരൻ**
**പേജ്: 112, വില: 150.00**
**പുലിറ്റ്സർ ബുക്സ്**

ലേഖകൻെറ അനുഭവങ്ങളുടെ സമാഹാരം. ഏതു ഭാഷക്കും ദേശത്തിനും പറയാൻ കഴിയുന്ന ജീവിതങ്ങൾ സക്ഷ്യപ്പെടുത്തുന്ന മികച്ച വായനാനുഭവം.

ഫോട്ടോഗ്രഫി




ഡോ. ലക്ഷ്മി ഉണ്ണിത്താൻ



# മഴയോർമകളുടെ ആൽബങ്ങൾ

## മഴയോർമകളെ കാമറയിൽ പകർത്തുകയാണ് ഡോ. ലക്ഷ്മി ഉണ്ണിത്താൻ എന്ന ഫോട്ടോഗ്രാഫർ

ലിസി. പി

ഡൽഹിയിലെ കെട്ടിടങ്ങൾക്കു മുകളിലൂടെ മഴ ചിതറിവീഴുമ്പോൾ മനസ്സ് തിരുവനന്തപുരം പുളിമൂട്ടിലെ വീട്ടിലേക്കും അവിടത്തെ പറമ്പിലേക്കും പറന്നുപോകും. ചേമ്പിലകളിൽ മഴവീഴുന്നതും തട്ടിത്തെറിക്കുന്നതും മുറ്റം നിറഞ്ഞൊഴുകുന്നതും ഓർമയിലേക്ക് ഓടിയെത്തും... ആ ഓർമകളെ നഷ്ടപ്പെടുത്താൻ വയ്യാത്തതുകൊണ്ടാണ് കഴിഞ്ഞ ഒമ്പതു വർഷമായി ഈ മഴയോർമകളെ ഡോ. ലക്ഷ്മി ഉണ്ണിത്താൻ കാമറകളിൽ പകർത്തുന്നത്.

2009ൽ വാലൻെറൻസ് ദിനത്തിൽ ഭർത്താവ് സമ്മാനമായി നൽകിയ കാനൻ കാമറയാണ് ജീവിതത്തിൻെറ ഫ്രെയിമുകളെ മാറ്റിവരച്ചത്. വലിയ ഫോട്ടോഗ്രാഫറായി പേരെടുക്കാനായിരുന്നില്ല. പകരം ജീവിതത്തിലെ കുഞ്ഞുകുഞ്ഞു നിമിഷങ്ങളെ ഒപ്പിയെടുക്കാൻ മാത്രമാണ് ലക്ഷ്മി ശ്രമിച്ചത്. നല്ല ആംഗിളുകൾ തേടി കാടും മലയും അലയാതെ മക്കളും ഭർത്താവും വീടും നാടും ചായയും കാൽപാദങ്ങളും ചെമ്പരത്തിയും ശംഖുപുഷ്പവും കാട്ടുചേമ്പിലയും മഞ്ചാടിയും കുന്നിക്കുരുവുമെല്ലാം ഫ്രെയിമുകളാക്കിയതും ഇതുകൊണ്ടാണ്.

മഴയെപ്പോലെ തന്നെ ലക്ഷ്മിയുടെ ചിത്രങ്ങളിൽ ഏറ്റവും കൂടുതൽ കാണാൻ സാധിക്കുക ചായഗ്ലാസുകളും കാൽപാദങ്ങളുമാണ്. കാമറയെക്കാളും മനസ്സിൻെറ കണ്ണാടി തുറക്കുമ്പോഴാണ് ഒരു ചിത്രം നമുക്ക് ലഭിക്കുന്നത്. അവിടെ കാമറയുടെ സാങ്കേതികവിദ്യക്ക് പരിമിതിയുണ്ട്. അച്ഛൻ ഫോട്ടോയെടുത്ത് കൃത്യമായി ആൽബമാക്കി വെക്കാറുണ്ടായിരുന്നു എന്നല്ലാതെ ഫോട്ടോഗ്രഫിയിൽ പാരമ്പര്യവും അവകാശപ്പെടാനില്ല.

ഫോട്ടോഗ്രഫി പഠിച്ചിട്ടില്ല. യൂട്യൂബോ മറ്റോ ഉപയോഗിച്ച് പഠിക്കാനും ശ്രമിച്ചിട്ടില്ല. അതുകൊണ്ട് തന്നെ ഒരുപാട് മഹത്തരമാണ് ഈ പടങ്ങളെന്ന് അവകാശപ്പെടുന്നുമില്ല.

കല്യാണം കഴിഞ്ഞാണ് ഡൽഹിയിൽ എത്തുന്നത്. വെറുതെയിരിക്കേണ്ട എന്നുകരുതിയാണ് ഭർത്താവ് കാമറ നൽകിയത്. ഒരു ബ്ലോഗ് തുടങ്ങുക, എഴുതുക, അതിനുവേണ്ട ഫോട്ടോകൾ എടുക്കുക എന്നതു മാത്രമായിരുന്നു ലക്ഷ്യം. പിന്നപ്പിന്നെ എഴുത്തിനെക്കാൾ കൂടുതൽ ഫോട്ടോയിലായി ശ്രദ്ധമുഴുവനും.


ചിത്രങ്ങളിൽ ഇരുട്ടിനാണ് കൂടുതൽ പ്രാധാന്യം. എന്നാൽ, ദൂരേക്കു നോക്കിയാൽ വെളിച്ചത്തിൻെറ വരവ് കാണാൻ സാധിക്കും. എത്രയൊക്കെ ഇരുട്ടുനിറഞ്ഞാലും ദൂരെനിന്ന് വരുന്ന പ്രകാശം പോലെയാകണം ജീവിതം എന്ന് ചിത്രങ്ങളിലൂടെ ലോകത്തോട് പറയാൻകൂടി ശ്രമിക്കുകയാണ് ഓരോ ചിത്രവും.

ഓരോ മഴ കാണുമ്പോഴും കായംകുളത്തെ അച്ഛൻെറ വീട്ടിലെ ചേമ്പിലകൾ ഓർമവരുന്നതും ഇതുകൊണ്ടാവാം. പഴമയെയും മഴയെയും സ്നേഹിക്കാനും ഇഷ്ടപ്പെടാനും ഇതും കാരണമായിട്ടുണ്ട്. ഗൃഹാതുരതയിൽ ഒറ്റക്ക് മുങ്ങിനിവരുന്നതിന് പകരം മക്കളെയും ഇവയെല്ലാം കാണിക്കാനും പഠിപ്പിക്കാനും ശ്രമിക്കാറുണ്ട്. മഴക്കാലത്താണ് മിക്കവർഷങ്ങളിലും നാട്ടിൽ വരുന്നത്. നാട്ടിൽ വന്നാൽ പഴയ മനകളും വീടുകളും കാഴ്ചകളും കാണാൻ മക്കളെയും കൊണ്ടുപോകും.

### ഓർമയിലേക്ക് ഈ മഴക്കാലവും

ഒമ്പതു വർഷം എടുത്തുകൂട്ടിയ ചിത്രങ്ങൾക്കൊന്നും ഒരു കണക്കുമില്ല. ഈ ചിത്രങ്ങൾ എന്തുചെയ്യുമെന്ന് പലരും ചോദിച്ചു. അന്നൊന്നും തോന്നിയില്ല. അതിനിടക്കാണ് ഫേസ്ബുക്കിലൂടെ പരിചയപ്പെട്ട ഷാനവാസ് എന്ന സുഹൃത്ത് ഒരു പ്രദർശനം നടത്തിക്കൂടേ എന്ന് ചോദിക്കുന്നത്. അതും രണ്ടുവർഷം മുമ്പ്. ആദ്യമൊന്നും അതിൽ ശ്രദ്ധിച്ചില്ലെങ്കിലും പിന്നീട് തീരുമാനിക്കുകയായിരുന്നു. ചിത്രങ്ങളിൽനിന്ന് ആവശ്യമുള്ള തെരഞ്ഞെടുക്കലായിരുന്നു ഏറ്റവും പ്രയാസം. 'റിഫ്ലക്ഷൻ' എന്ന തലക്കെട്ടിലേക്ക് 78 ചിത്രങ്ങൾ തെരഞ്ഞെടുത്തു. ജൂൺ 23 മുതൽ 30 വരെ ആയിരുന്നു എറണാകുളം ദർബാർ ഹാളിൽ പ്രദർശനം നടത്തിയത്. കോളജ് ഓഫ് അഗ്രികൾച്ചർ പുണെയിൽനിന്ന് അഗ്രികൾചറിൽ ബിരുദവും കേരള അഗ്രികൾച്ചർ കോളജിൽനിന്ന് ബിരുദാനന്തര ബിരുദവും യൂനിവേഴ്സിറ്റി ഓഫ് അഗ്രികൾചറൽ സയൻസ് ബംഗളൂരുവിൽനിന്ന് ഡോക്ടറേറ്റും നേടിയുണ്ട്. ഭർത്താവ് അരവിന്ദ് ഡൽഹിയിൽ സോഫ്റ്റ്വെയർ എൻജിനീയറാണ്. ഗായത്രിയും ജയ്ദേവുമാണ് മക്കൾ. ●

യാത്ര



# ഒരു വെയിലു കണ്ടാൽ അതുമതി

ആംസ്റ്റർഡാം നഗരക്കാഴ്ച

## കുന്നും മലകളുമില്ലാത്ത പരന്നുകിടക്കുന്ന പച്ചപ്പുൽ പാടങ്ങളും വെള്ളക്കെട്ടുകളുമാണ് ഒറ്റവാക്കിൽ ഹോളണ്ട്

ഒ. ഉമറുൽ ഫാറൂഖ്

നീണ്ട പകലുകളും മഴ ഒഴിയാത്ത വേനലുമുള്ള മറ്റൊരു മേയ് മാസത്തിൽ അങ്ങനെ വീണ്ടും ഹോളണ്ടിലെത്തി. നെതർലൻഡ്സിലെ അന്താരാഷ്ട്ര മാധ്യമ പരിശീലന കേന്ദ്രമായ റേഡിയോ നെതർലൻഡ്സ് ട്രെയിനിങ് സെൻറർ (ആർ.എൻ.ടി.സി.) നൽകുന്ന മൂന്നാഴ്ചത്തെ കോഴ്സിൽ പങ്കെടുക്കാനായിരുന്നു ഈ രണ്ടാമൂഴം. ദോഹ അന്താരാഷ്ട്ര വിമാനത്താവളത്തിൽനിന്ന് ഏഴ് മണിക്കൂർ പിന്നിട്ട് ആംസ്റ്റർഡാമിലെ സ്കിപളിൽ ഇറങ്ങുമ്പോൾ ആളും അനക്കവും കുറവ്. താഴ്ന്ന താപമാപിനിപോലെ വിമാനത്താവളവും തണുത്തുറങ്ങിക്കിടക്കുന്നു. വലിയ തിരക്കും ആരവങ്ങളുമില്ല. കെ.എൽ.എം, യൂറോ വിങ്സ് വിമാനങ്ങൾ അവിടവിടെയായി നിർത്തിയിട്ടിട്ടുണ്ട്. നേരം രാത്രി ഒമ്പത് കഴിഞ്ഞിട്ടും പുറത്ത് പരാപരാ വെളിച്ചം.

എമിഗ്രേഷൻ നടപടി പൂർത്തിയാക്കി പുറത്തിറങ്ങിയപ്പോൾ താമസം ഏർപ്പാടാക്കിയിരുന്ന ഹോട്ടലിൻെറ ബോർഡുമായി ടാക്സി ഡ്രൈവർ മീറ്റിങ്പോയൻറിൽ കാത്തിരിക്കുന്നുണ്ടായിരുന്നു. കോട്ടും ടൈയുമിട്ട ടാക്സി ഡ്രൈവർ. ടാക്സി കാറാകട്ടെ മേഴ്സിഡസ് ബെൻസ്. ടാക്സി കാറുകളിലേറെയും ആഡംബര കാറുകളായ ഔഡിയോ മേഴ്സിഡസ് ബെൻസോ ആണ്. ജീവിത നിലവാരത്തിലെ ഉയർച്ചകൊണ്ടല്ല, വില കൂടിയ കാർ വാങ്ങുന്നതിന് ടാക്സി ഡ്രൈവർമാർക്ക് പ്രത്യേക ആനുകൂല്യം സർക്കാർ നൽകുന്നുണ്ടെന്ന് ഡ്രൈവർ പറഞ്ഞു.

സ്വന്തം നിലക്കാണെങ്കിൽ ട്രെയിൻ യാത്രയാവും ഉചിതം. ഇവിടത്തെ പൊതുഗതാഗത സംവിധാനം അനുകരണീയമാണ്. ഒരേ ടിക്കറ്റിൽ ട്രെയിനിലും ബസിലും ട്രാമിലും കയറാം. ടിക്കറ്റ് ചെക്കിൻ ചെയ്യുമ്പോൾ മാത്രമാണ് ആക്ടിവ് ആകുന്നത്. എന്നുവെച്ചാൽ, രാവിലെ ടിക്കറ്റെടുത്താൽ ആ ദിവസം എപ്പോൾ വേണമെങ്കിലും യാത്ര ചെയ്താൽ മതി. വിമാനത്താവളത്തിൽനിന്നുതന്നെ ഏതു ദിശയിലേക്കും ട്രെയിനുണ്ട്. മറ്റു യൂറോപ്യൻ നാടുകളിലേക്കുള്ള ട്രെയിൻ ടിക്കറ്റു വരെ ലഭ്യം. എയർപോർട്ടിൽനിന്ന് എസ്കലേറ്റർ വഴി താഴെ ഇറങ്ങിയാൽ റെയിൽവേ സ്റ്റേഷനായി. യൂറോ നാണയമുണ്ടെങ്കിൽ മെഷീനിൽനിന്ന് സ്വയം ടിക്കറ്റെടുക്കാം. ഇല്ലെങ്കിൽ ടിക്കറ്റ് നേരിട്ട് വാങ്ങുകയുമാവാം. ക്രെഡിറ്റ് അല്ലെങ്കിൽ ഡെബിറ്റ് കാർഡ് ഉപയോഗിക്കുകയാണെങ്കിൽ പാസ്പോർട്ട് വേണമെന്ന് മാത്രം. സർവിസ് ചാർജും നൽകണം. രാജ്യത്തിൻെറ എല്ലാ മേഖലകളെയും ബന്ധിപ്പിക്കുന്നതാണ് റെയിൽ ശൃംഖല. എന്നാൽ, ചെലവ് കൂടി നോക്കുന്നവർക്ക് ബസ് യാത്രയാവും നല്ലത്. രാജ്യാന്തര ട്രെയിനുകളിലെ ടിക്കറ്റ് നിരക്ക് വിമാനത്തേക്കാൾ കൂടുമെന്നോർക്കണം.

കുന്നും മലകളുമില്ലാത്ത പരന്നുകിടക്കുന്ന പച്ചപ്പുൽ പാടങ്ങളും വെള്ളക്കെട്ടുകളുമാണ് ഒറ്റവാക്കിൽ ഹോളണ്ട്. വീസ്പ്, ഗെയ്തൂൺ ഗ്രാമങ്ങളിലൂടെ സഞ്ചരിക്കുമ്പോൾ ഈ പച്ചപ്പിൻെറയും ജലാശയങ്ങളുടെയും കുളിർമ നേരിട്ട് അനുഭവിക്കാനാവും. വിശാലമായ പാടത്ത് മേഞ്ഞുനടക്കുന്ന കൊഴുത്തുതടിച്ച പശുക്കളും കുതിരകളും പോസ്റ്റ് കാർഡ് ചിത്രങ്ങളെ അനുസ്മരിപ്പിക്കുന്നതാണ്. പാടങ്ങളോട് ചേർന്ന കരയിൽ തീപ്പെട്ടി ക്കൂട് പോലുള്ള ചെറിയ വീടുകൾ. എല്ലാം ഒരേപോലുള്ള വീടുകൾ. ഇതിനിടയിലൂടെ തോടുകളും ചെറിയ വഞ്ചികളും.

ആളനക്കമില്ലാത്ത നിരത്തുകളും തെരുവുകളുമാണ് എങ്ങും. വേനലിൻെറ തുടക്കത്തിൽ ഒരു നാൾ താപനില 30 കടന്നപ്പോഴാണ് ഈ നാട്ടിൽ ഇത്രയും ജനങ്ങളുണ്ടെന്ന് മനസ്സിലായത്. വീടുകളുടേയും ഫ്ലാറ്റുകളുടേയും കോലായയിലിറങ്ങി അവർ വേനൽ ആഘോഷിക്കുകയായിരുന്നു. വേനൽച്ചൂട് അനുഭവിക്കാൻ കാത്തിരിക്കുന്നതുപോലെ. ഏപ്രിൽ അവസാനത്തിലൊരിക്കൽ പ്രാഗിൽനിന്ന് നെതർലൻഡ്സിലേക്ക് മടങ്ങുമ്പോൾ വിമാനത്തിൽനിന്നുള്ള അറിയിപ്പ് കേട്ട് യാത്രക്കാർ ഒന്നടങ്കം ചിരിച്ചത് ഓർത്തുപോവുകയാണ്. പുറത്ത് താപനില 34 ആണെന്ന അറിയിപ്പായിരുന്നു അത്. കാറ്റിൻെറ അകമ്പടിയോടെ വരുന്ന ശൈത്യത്തിൽ ആരും ആഗ്രഹിച്ചുപോവുന്നതാണത്.

ആംസ്റ്റർഡാം, ഹേഗ്, യൂത്രെഖ് തുടങ്ങിയ വൻ നഗരങ്ങളിലൊഴിച്ച് മറ്റു നഗര വീഥികളെല്ലാം ഏറക്കുറെ വിജനമായിരിക്കും. ട്രെയിനുകളിലും ബസിലും ഈ നിശ്ശബ്ദത കാണാം. ഉള്ളവർതന്നെ നിശ്ശബ്ദമായി വായിക്കുകയോ മൊബൈൽ ഫോണിൽ ഊളിയിട്ടിരിക്കുകയോ ചെയ്യുന്നതുകൊണ്ടാവാം, നമ്മുടെ നാട്ടിലെ ഹർത്താലിൻെറ പ്രതീതിയാണ് ഗ്രാമീണ നിരത്തുകളിൽ. പ്രത്യേക ദിവസങ്ങളൊഴിച്ച് മറ്റു അവസരങ്ങളിലെല്ലാം ഇതുതന്നെ സ്ഥിതി. വഴി ചോദിക്കണമെങ്കിൽ പോലും ഒരാളെ പുറത്തുകാണില്ല. സ്മാർട്ട് ഫോണും ഗൂഗ്ൾ മാപ്പും തന്നെ സഞ്ചാരികൾക്ക് ശരണം. ഭാഗ്യം കൊണ്ട് ആരെയെങ്കിലും കണ്ട് വഴി ചോദിച്ചാൽ സമയമെടുത്ത് വിശദീകരിച്ചുതരാൻ ഒരു മടിയുമില്ലെന്നത് വേറെ കാര്യം. ട്രാഫിക് സിഗ്നലിൽ നിർത്തിയ വണ്ടിക്കാരനോട് ഒരിക്കൽ വഴി ചോദിച്ചപ്പോൾ സിഗ്നലിൽ പച്ച തെളിഞ്ഞിട്ടും വാഹനമെടുക്കാതെ വഴി പറഞ്ഞുതന്നത് മറക്കാനാവാത്ത ഓർമയാണ്. അടുത്തതവണ പച്ച തെളിയുന്നതുവരെ അയാൾക്ക് കാത്തുനിൽക്കേണ്ടിവന്നു.

തങ്ങളുടേത് തുറന്ന സമൂഹമാണെന്ന് ഡച്ചുകാർ പറയും. ഒന്നും മറച്ചുവെക്കാനില്ല. മനുഷ്യൻെറ സ്വകാര്യത പോലും. ഗ്ലാസിട്ട ഡച്ച് വീടുകൾക്കും കെട്ടിടങ്ങൾക്കും ജനൽവിരി ഉണ്ടാവില്ല എന്നത് പിന്നീടാണ് ശ്രദ്ധിച്ചത്. ആംസ്റ്റർഡാമിലെ കുപ്രസിദ്ധമായ ചുവന്നതെരുവിനെയും സെക്സ് മ്യൂസിയത്തെയും അവർ ന്യായീകരിക്കുന്നത് വ്യക്തി സ്വാതന്ത്ര്യത്തിൻെറയും തുറന്ന സമീപനത്തിൻേറയും അളവുകോലിലാണ്.

താമസിക്കുന്ന ഹോട്ടലിൻെറ സ്മോക്കിങ് ലോഞ്ചിലിരുന്ന് മറ്റു പുകവലിക്കാർക്കൊപ്പം രണ്ട് ചെറുപ്പക്കാർ മയക്കുമരുന്ന് സിഗരറ്റിനകത്ത് നിറക്കുന്നത് അദ്ഭുതം ഉളവാക്കുന്നതായിരുന്നു. ആ മുറിയിലെ മറ്റു പുകവലിക്കാർ അതു ശ്രദ്ധിക്കുന്നേയില്ല. ഇന്ത്യക്കാരനായതുകൊണ്ട് അടുത്ത് ചെന്ന് കാര്യം അന്വേഷിച്ചു. നാം അങ്ങനെയാണല്ലോ. ജീവിതത്തിൽ ആദ്യമായി മയക്കുമരുന്ന് നേരിൽ കാണുന്നതിലെ കൗതുകംകൊണ്ടുമാവാം. അന്വേഷിച്ചപ്പോൾ ഇരുവരും തുർക്കി വംശജരാണ്. പ്രത്യേകിച്ച് ജോലിയൊന്നുമില്ല. മൂന്നു തലമുറകൾക്കപ്പുറം തുർക്കിയിൽനിന്ന് വന്ന മുസ്ലിം കുടുംബങ്ങളിലെ ഇളംമുറക്കാർ. തുർക്കി, മൊറോക്കോ വംശജരാണ് ഇവിടത്തെ മുസ്ലിം ന്യൂനപക്ഷം. വിരലിലെണ്ണാവുന്ന ഇവിടത്തെ പള്ളികൾ കൊണ്ടുനടക്കുന്നതും ഈ ന്യൂനപക്ഷമാണ്. പ്രധാനമായും സ്നാക് ബാറുകൾ നടത്തുകയാണ് ഇവരുടെ തൊഴിൽ. ഹലാൽ ചിക്കൻ എന്ന പേരിൽ ഇക്കൂട്ടർ നടത്തുന്ന കെബാബ് സെൻററുകളാണ് പന്നി മാംസം ഇല്ലാത്ത ഭക്ഷണം ആഗ്രഹിക്കുന്നവരുടെ ആശ്രയം. ഇവിടത്തെ പുകവലി നയം വളരെ വിചിത്രമാണ്. ഹോട്ടലുകൾക്കും കെട്ടിടങ്ങൾക്കും അകത്ത് പുകവലി പാടില്ല. പൊതു നിരത്തിൽ പുകവലിക്ക് ഒരു നിയന്ത്രണവുമില്ല താനും. പുകവലിയിലും സ്ത്രീ പുരുഷ സമത്വമുണ്ടെന്നതാണ് മറ്റൊരു കൗതുകം. പുരുഷൻമാരേക്കാൾ സ്ത്രീകളാണ് പുകവലിക്കുന്നതെന്ന് തോന്നിയിട്ടുണ്ട്.

ഏഴു വർഷത്തിനു ശേഷം സൈക്കിളുകളുടെ സ്വന്തം നാട്ടിലെത്തുമ്പാൾ മാറ്റങ്ങളേറെയാണ്. സൈക്കിളുകൾക്ക് പകരം ഗിയർലെസ് സ്കൂട്ടറുകൾ രംഗം കൈയടക്കുന്നതായാണ് അനുഭവം. കേരളത്തിൻെറ അത്രയും വലുപ്പമുള്ള ഈ രാജ്യത്ത് ഒരറ്റം മുതൽ മറ്റേ അറ്റം വരെ സൈക്കിളിൽ സഞ്ചരിക്കാം. സൈക്കിൾ സവാരിക്കാർക്കായി പ്രത്യേകം പാതകളുമുണ്ട്. എന്നാൽ, ഈ പാതകളിൽ സ്കൂട്ടറുകൾ ഓടിത്തുടങ്ങിയതാണ് ഹോളണ്ടിലെ മാറുന്ന കാഴ്ച. നമ്മുടെ നാട്ടിലെ ഇരുചക്ര വാഹന വിപണി ഗിയർലെസ് സ്കൂട്ടറുകൾ കൈയടക്കിയതുപോലെ സാവധാനം സൈക്കിളുകളുടെ ഈ സ്വന്തം നാടും മാറുകയാണോ എന്ന് തോന്നി. കേരളവുമായി താരതമ്യത്തിന് സ്വാഭാവികമായി ശ്രമിച്ചുനോക്കാറുണ്ട്. വലുപ്പത്തിൽ കേരളത്തിനൊപ്പം, എന്നാൽ, നമ്മുടെ പകുതി ജനസംഖ്യ. ഈ വ്യത്യാസമാണ് അടിസ്ഥാന അന്തരത്തിൻെറ കാരണം. എന്നാൽ, പൗരബോധത്തിലും സാമൂഹിക അവബോധത്തിലും നാം ബഹുദൂരം പിറകിലാണ്.

എല്ലാവരും നിയമം അനുസരിക്കുന്നവരാവുമ്പോൾ കുറ്റവാളികൾ ഇല്ലാതാവും. പരിമിതമായ തോതിൽ മയക്കുമരുന്ന് നിയമവിധേയമാക്കിയിട്ടും ഈ രാജ്യത്ത് കുറ്റവാളികൾ കുറയുന്നതിൻെറ കാരണം ഇതാണ്. കുറ്റവാളികൾ ഇല്ലാത്തതിൻെറ പേരിൽ ഹോളണ്ടിലെ ഏറ്റവും വലിയ ജയിലുകളിലൊന്നായ ഫീൻഹൂസനിലെ ജയിൽ (പ്രിസൺ മ്യൂസിയം) അടച്ചത് കഴിഞ്ഞ വർഷം വാർത്തയായിരുന്നു. ജയിലുകൾ അടക്കുന്നത് തൊഴിലില്ലായ്മ സൃഷ്ടിക്കുന്നതിനാൽ ബെൽജിയം, നോർവേ എന്നിവിടങ്ങളിൽനിന്ന് തടവുകാരെ കൊണ്ടുവന്ന് സെല്ലുകൾ നിറക്കുകയാണത്രെ. അന്താരാഷ്ട്ര നീതിന്യായ കോടതി ഇവിടെ സ്ഥാപിക്കാനുള്ള കാരണവും ഇതായിരിക്കാം.

ഹേഗിൽ വന്നപ്പോൾ സഹയാത്രികക്ക് ഡച്ച് പാർലമെൻറ് മന്ദിരം കാണാൻ ആഗ്രഹം. സെൻട്രൽ സ്റ്റേഷനിൽനിന്ന് 10 മിനിറ്റ് നടന്നാൽ പാർലമെൻറായി. ഗ്ലാസിട്ട പുത്തൻ കെട്ടിടത്തിൻെറ മുന്നിൽ രണ്ട് സുരക്ഷാ സൈനികർ മാത്രം. പാർലമെൻറ് കാണാൻ വന്നതാണെന്ന് പറഞ്ഞപ്പോൾ അകത്തുകയറാൻ അനുമതി ലഭിച്ചു.

എന്നാൽ, അന്നത്തെ പാർലമെൻറ് സമ്മേളനം അവസാനിച്ചതിനാൽ നാളെ വരാനായിരുന്നു അകത്തെ ഉദ്യോഗസ്ഥയുടെ നിർദേശം. പാർലമെൻറ് സമ്മേളനവും കാണാം, കെട്ടിടവും കാണാനാവുമെന്ന മറുപടി വളരെ തൃപ്തികരമായിരുന്നു. നമ്മുടെ പാർലമെൻറ് കാണാൻ ഒരിക്കലെങ്കിലും ഡൽഹിയിൽ പോയവർക്ക് സമീപനത്തിലേയും സുരക്ഷ കടമ്പകളുടേയും ഈ വ്യത്യാസം എളുപ്പം മനസ്സിലാവും. ആ നിലയിലെത്താൻ നാം ഏറെ കാത്തിരിക്കേണ്ടിവരും. ●

